**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4315** **28-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഊർജ്ജ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | താപ വൈദ്യുതിയുടെ ലഭ്യതക്കുറവ് മൂലം ഊർജ്ജ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | താപവൈദ്യുതിയുടെ ലഭ്യതയില്ലുള്ള കുറവ് നികത്തുന്നതിനായി അതാത് സമയങ്ങളിൽ പവർ എക്സ്ചേഞ്ചിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയും കൂടാതെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനം താൽക്കാലികമായി ഉയർത്തിയും പ്രതിസന്ധി തരണം ചെയ്യുന്ന സമീപനമാണ് സ്വീകരി ച്ചിട്ടുള്ളത്. വൈദ്യുതിയുടെ ദൗർലഭ്യം കണക്കിലെടുത്ത് വൈകുന്നേരങ്ങളിലെ ഉപ ഭോഗം പരമാവധി കുറയ്ക്കാൻ പൊതുജനങ്ങളോട് ദൃശ്യശ്രാവ്യ മാധ്യമങ്ങൾ മുഖേന അഭ്യർ ത്ഥിച്ചിട്ടുണ്ട്. നിലവിലെ കൽക്കരി ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ വൈദ്യുതി ദൗർലഭ്യമുള്ള സംസ്ഥാനങ്ങളോട് കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലെ unallocated share ആയ 15 ശതമാനത്തിൽ നിന്നും വൈദ്യുതി വിഹിതം ഉപയോഗിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. നിലവിലെ ദൗർലഭ്യം മറികടക്കുന്നതിനായി വൈകുന്നേരം 6 മണി മുതൽ രാത്രി 11.00 മണി വരെയുള്ള സമയത്ത് കേന്ദ്ര പൂളിൽ നിന്നും (15% unallocated share) 100 MW വൈദ്യുതി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉപാ ധികളും നിബന്ധനകളും അറിയിക്കാനും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പവർകട്ടും ലോഡ് ഷെഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്താൻ ഉദ്ദേശി ക്കുന്നില്ല. |

സെക്ഷൻ ഓഫീസർ